ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇപ്പോൾ നിലവിലിരിക്കുന്ന അളവു വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ എം. കോര: ഇല്ല.

ശ്രീ. അമ്പാട്ട് ഈച്ചരമേനോൻ: ഇപ്പോൾ ഞങ്ങളുടെ നാട്ടിൽ കിട്ടുന്ന മൈലോ വളരെ മോശമാണെന്നറിയാമോ?

ശ്രീ. കെ. എം. കോര: അതേസംബന്ധിച്ചു ഗവൺമെൻറിനറിവില്ല. ചീത്ത സാധനമാണ് ലഭിച്ചിട്ടുള്ളതെങ്കിൽ അതേസംബന്ധിച്ചു തീർച്ചയായും അന്വേഷിക്കാം.

ക്ഷേത്രദഹനം

*ക. 8. (ക വു) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സഭയെ മറുപടി പറയുമോ.—

(എ) ശബരിമല ക്ഷേത്രദഹനം സംബന്ധിച്ച് മേലിൽ അന്വേഷണം നടത്തേണ്ട എന്നു സെൻട്രൽ ഗവൺമെൻറിൽനിന്നും ഈ ഗവൺമെൻറിലേക്ക് വല്ല നിർദ്ദേശവും ലഭിച്ചിട്ടുണ്ടോ;

(ബി) ആ സംഭവം സംബന്ധിച്ച് അന്വേഷിക്കുന്നതിനു സ്പെഷ്യൽ ഡ്യൂട്ടിയിൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു; ആരെയെല്ലാം;

(സി) അവരുടെ അന്വേഷണഫലമായി വല്ല തെളിവും കിട്ടിയിട്ടുള്ളതായി ഗവൺമെണ്ടിനു അറിവു ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഡി. കേശവൻ):

(എ) ഇല്ല.

(ബി) ശ്രീ. കേശവമേനോന്റെ അന്വേഷണത്തിനു ശേഷം അന്വേഷണം നടത്തുവാനായി ഒരു സർക്കിൾ ഇൻസ്പെക്ടർ, ഒരു സബ് ഇൻസ്പെക്ടർ, മൂന്നു ഹെഡ് കോൺസ്റ്റബിൾമാർ, ആറു കോൺസ്റ്റബിൾമാർ എന്നിവരെ നിയമിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ അതിനെപ്പറ്റി കൂടുതൽ വിവരങ്ങൾ പറയുന്നതു യുക്തമായി തോന്നുന്നില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതിനെസംബന്ധിച്ചു ശ്രീ. കേശവമേനോന്റെ അന്വേഷണത്തിൽ കവിഞ്ഞ വല്ല തെളിവുകളും ഇവർക്കു കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഒഫീഷ്യലായി ഒന്നും കിട്ടിയിട്ടുള്ളതായി അറിവില്ല.

ശ്രീ. കെ. രാമചന്ദ്രൻ: ഇതിനെപ്പറ്റി കുറ്റമറ്റരീതിയിൽ അന്വേഷിക്കുവാൻ ഏതെങ്കിലും ഒരു നോൺഅഫീഷ്യൽ ബോഡിയെ നിയമിക്കുവാൻ വിരോധമുണ്ടോ?

(No Answer.)

ശ്രീ. മാന്നാർ ഗോപാലൻ നായർ: സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചിട്ടുള്ളവരുടെ കാലാവധി തീർന്നുവോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഈ സ്പെഷ്യലാഫീസർക്ക് ശ്രീ. കേശവമേനോന്റെ അന്വേഷണത്തിൽ കവിഞ്ഞ വല്ല തെളിവും കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കേശവൻ: അതു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

സാഹിബ് ബഹദൂർ ടി. എ മൈതീൻകുഞ്ഞു: ഈ ക്ഷേത്രദഹനം സംബന്ധിച്ചു് ചീഫ്മിനിസ്റ്റർ "ഒരു ക്ഷേത്രം നശിച്ചാൽ അതുയും അന്ധവിശ്വാസം തീരും" എന്നു പ്രസ്താവിച്ചിട്ടുണ്ടോ?

Sri. C. Kesavan: I do not wish to answer that question.

Mr. Speaker: That question is disallowed.

ശ്രീ. മന്നാർ ഗോപാലൻ നായർ: ഇത്രകാലത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കണമെന്നു് അവർക്കു് നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇവരെ നിയമിച്ചിട്ടുള്ളതു ഫുൾടൈം വക്കേഴ്സായിട്ടാണോ?

ശ്രീ. സി. കേശവൻ: അതേ.

മണ്ണെണ്ണയും ധാതുക്കളും

*ശ്രീ. (ഡോ) കൃഷ്ണൻ അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഖനനവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) എലവന്തിട്ടയിലുള്ള വ്യതോ മലയിൽനിന്നു് മണ്ണെണ്ണയും മറ്റു ചില ധാതുക്കളും എടുക്കാൻ സാധിക്കുന്നതാണെന്നുള്ള പത്രപ്രസ്താവനകൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ചു വല്ല പര്യവേക്ഷണവും നടത്തണമെന്നു ഗവൺമെൻറാലോചിക്കുന്നുണ്ടോ;

(ബി) ഇതേ സംബന്ധിച്ചു് സെൻട്രൽ ഗവൺമെണ്ടിൽനിന്നും പര്യവേക്ഷണങ്ങൾ നടത്തുന്നതാണെന്നു തനിക്കു് അറിവുകിട്ടിയിട്ടുണ്ടോ എന്നു് ശ്രീ. ചിത്തമെഴുത്തു കെ. എം. വർഗ്ഗീസ് ജൂൺ 6 ാ ആഗസ്റ്റ് 29-ാം തീയതിയിലെ മലയാളമനോരമയിൽ എഴുതിയിരുന്ന ലേഖനം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അതു സംബന്ധിച്ചു സെൻട്രലിൽനിന്നും ഈ ഗവൺമെണ്ടിലേക്കു് വല്ല അറിയിപ്പും ഉണ്ടായിട്ടുണ്ടോ?

വ്യവസായവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ):

(എ) ഉണ്ടു്; തൽക്കാലം ആലോചിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്, അറിയിപ്പു് കൂടുതൽ ഉണ്ടായിട്ടില്ല.

പബ്ലിക്കു് റിലേഷൻസു് ഡയറക്ടർ

*ശ്രീ. (ഡോ) അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടിനൽകുമോ.—

(എ) ഇപ്പോഴത്തെ പബ്ലിക്കു് റിലേഷൻസു് ഡയറക്ടർ ആരാണു്; അദ്ദേഹത്തെ ഈ സ്ഥാനത്തിൽ നിയമിക്കാനുണ്ടായ പ്രത്യേക കാരണങ്ങൾ എന്താണു്;

(ബി) മൻ പബ്ലിക്കു് റിലേഷൻസു് ഡയറക്ടർ ശ്രീ. എം കെ. ദേവസ്സിയെ ആ സ്ഥാനത്തുനിന്നും മാറ്റുന്നതിനുള്ള കാരണമെന്തു്;

(സി) പബ്ലിക്കു് സർവ്വിസുകമ്മീഷൻ ശ്രീ. എം. കെ. ദേവസ്സിയെ അല്ലെ തിരഞ്ഞെടുത്തതു്?

LIBRARY ARCHIVES Kerala Legislative Assembly